ക്രമത്തിൽ വർദ്ധിക്കാതിരിക്കയില്ല. അങ്ങനെ ഇന്ത്യ ലോകത്തിലെ ഏററവും തിരക്കേറിയ നാൽക്കൂട്ടപ്പെരുവഴിയായിത്തീരും; ബാഹ്യ താല്പര്യങ്ങളുടേയും ശക്തിച്ചേരികളുടേയും സമ്മർദതന്ത്രങ്ങൾ എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്ന, എല്ലാ വിയററ്നാമുകളെയും എന്നെന്നേക്കുമായി അവസാനിപ്പിക്കുന്ന, വിയററ്നാം, ഒരുപക്ഷേ, ഇന്ത്യയായിരിക്കും; കിഴക്കും പടിഞ്ഞാറും തമ്മിൽ ആദർശസംഹിതകളെച്ചൊല്ലി നടക്കുന്ന സമരങ്ങളുടെ ഏററവും വലിയ രംഗവും ഇന്ത്യയായേക്കാം. ലോകത്തിലെ മററു രാജ്യങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഓരോ രാഷ്ട്രീയപ്രശ്നവും ഓരോ സാമ്പത്തികപ്രശ്നവും, രാഷ്ട്രീയമായ കാര്യനിർവഹണവും സാമ്പത്തികവികസനവും സംബന്ധിച്ച ഓരോ പ്രശ്നവും, സാമ്പത്തിക വിഭവങ്ങളുടെ ഉപയോഗവും ദുരുപയോഗവും, ജനാധിപത്യം, ഏകാധിപത്യം, ജനസംഖ്യാനിയന്ത്രണം, സർവോപരി സാമൂഹ്യവും സാമ്പത്തികവുമായ നീതി എന്നിവ സംബന്ധിച്ച പ്രശ്നങ്ങളും, എല്ലാം, എത്രയോ കൂടുതൽ വലിപ്പത്തിൽ, ഇന്ത്യയിലും ചൈനയിലും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഇത്തരം പ്രശ്നങ്ങളിൽ പരീക്ഷണം നടത്തി ഉത്തരം കാണുന്നതിനുള്ള ലബോറട്ടറികളല്ല ഇന്ത്യയും ചൈനയും. സമ്മർദങ്ങളും സംഘർഷങ്ങളും തിളച്ചുമറിയുന്ന കടാഹങ്ങളാണ്. അതിനാൽ ആധുനിക ഇന്ത്യയിൽ സംഭവിക്കുന്ന ഓരോ മാററവും സശ്രദ്ധമായ നിരീക്ഷണം അർഹിക്കുന്നുണ്ട് എന്ന് സെൽബോൺ കരുതുന്നു.

ഒരു കാലത്ത് ലോകരാഷ്ട്രതന്ത്രത്തിന്റെ കേന്ദ്രങ്ങൾ ലണ്ടനും വിയന്നയും ബർലിനും പാരീസുമായിരുന്നു. ഇപ്പോൾ വാഷിങ്ടനും മോസ്കോവുമാണ് ലോകരാഷ്ട്രതന്ത്രകേന്ദ്രങ്ങൾ. എന്നാൽ, ഭാവിയിൽ ബൈജിങ്ങും ദൽഹിയുമായിരിക്കും ഈ കേന്ദ്രങ്ങൾ എന്നതിൽ സെൽബോണിനു സംശയമില്ല. ഒന്നു മാത്രം; അതിനു മുമ്പ് ഒരു അണുയുദ്ധത്തിൽ നമ്മളെല്ലാം നശിപ്പിക്കപ്പെടുമോ? അങ്ങനെ സംഭവിക്കാത്തപക്ഷം, ലോകചരിത്രത്തിൽ ഇന്ത്യയും ചൈനയും നിർണായകമായ നേതൃത്വം നേടിയെടുക്കുകതന്നെ ചെയ്യുമെന്ന് സെൽബോൺ വിശ്വസിക്കുന്നു. ഇന്നത്തെ നിർഭാഗ്യങ്ങൾ ഇന്ത്യക്കു മേൽ വീഴ്ത്തിയിട്ടുള്ള നിഴൽ ഏറെ താമസിയാതെ ഒഴിഞ്ഞു പോകാവുന്നതേയുള്ളു എന്നും അദ്ദേഹത്തിനുറപ്പുണ്ട്.

സെൽബോണിന്റെ നിരീക്ഷണങ്ങൾ അതിശയോക്തിപരങ്ങളായിരിക്കാം. ഇന്ത്യയുടെ വർത്തമാനകാലത്തെ കടുത്ത ചായങ്ങളിലാവാം സെൽബോൺ വരയ്ക്കുന്നത്. എന്നാലും, ഈ ഇംഗ്ലീഷുകാരന്റെ ഗ്രന്ഥങ്ങളും ലേഖനങ്ങളും തീർച്ചയായും നമ്മുടെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നവയാണ്.

19 മാർച്ച്, 1982

## 28. ഏഷ്യാഡ്

ഒമ്പതാം ഏഷ്യാഡ് ആരംഭിക്കുന്നതിന് ഏഴു മണിക്കൂർ മുമ്പാണ് ഇതെഴുതുന്നത്. ഇത് അച്ചടിച്ച 'കുങ്കുമം ലക്കം' പുറത്തു വരിക ഏഷ്യാഡ് അവസാനിച്ച്, പിന്നെയും പതിനഞ്ചു ദിവസങ്ങൾ കഴിഞ്ഞിട്ടായിരിക്കും. ഏഷ്യാഡിലെ സംഭവങ്ങൾ ഉണർത്തിവിട്ട തീവ്രവികാരങ്ങൾ അപ്പോഴേക്ക് ഓർമകളിൽപ്പോലും കെട്ടടങ്ങിയിട്ടുണ്ടാവും. ഏഷ്യാഡ് നടന്ന ദില്ലിയിൽനിന്ന് എത്രയോ അകലെ, കേരളത്തിലെ വിദൂരഗ്രാമങ്ങളിലിരുന്ന് ഇതു വായിക്കുന്നവർക്ക്, ഈ കുറിപ്പുകൾക്ക് ആധാരങ്ങളായ സംഭവങ്ങൾ

എന്നോ കേട്ടുമറന്ന ചില കഥകൾ മാത്രമായി അനുഭവപ്പെട്ടാൽ അത്ഭുതമില്ല.

പിന്നെ എന്തിന് ഏഷ്യാഡിനെപ്പററി ഈ പംക്തികളിൽ എഴുതുന്നു?

ഒന്നാമത്, അത്യന്തം ദേശീയപ്രാധാന്യമുള്ള ഒരു സംഭവമാണ് ഏഷ്യാഡ്.

മുപ്പത്തൊന്നു വർഷം മുമ്പാണ് ആദ്യത്തെ ഏഷ്യാഡ് ഡില്ലിയിൽ രാഷ്ട്രപതി രാജേന്ദ്രപ്രസാദ് ഉദ്ഘാടനം ചെയ്തത്. 1951 മാർച്ച് 4-ാം തീയതി പാശ്ചാത്യ സാമ്രാജ്യശക്തികൾക്കു കീഴിൽ ദീർഘകാലം അടിമകളായിക്കിടന്ന ഏഷ്യയിലെ പുരാതന ജനതകൾ നീണ്ടുനിന്ന യാതനാപൂർണങ്ങളായ ജനകീയസമരങ്ങൾക്കു ശേഷം സ്വാതന്ത്ര്യത്തിന്റെ നവയുഗത്തിലേക്കു പ്രവേശിക്കുന്ന കാലഘട്ടമായിരുന്നു അത്. ത്വരിതഗതിയിലുള്ള ആധുനികീകരണത്തിന്റെ പ്രതീക്ഷകൾ അവരുടെ ഹൃദയങ്ങളിൽ അന്ന് അലതല്ലിയിരുന്നു.

ആധുനികീകരണമെന്നാൽ എന്താണ്? എല്ലാ വ്യക്തികൾക്കും അവസരസമത്വവും തുല്യമായ അവകാശാധികാരങ്ങളും നല്കുന്ന ജനാധിപത്യാധിഷ്ഠിതമായ രാഷ്ട്രീയ വ്യവസ്ഥിതി; എല്ലാവർക്കും തൊഴിലും, തൊഴിലിനൊത്ത വരുമാനവും നല്കുന്ന ശാസ്ത്രീയമായ കൃഷിവ്യവസ്ഥിതിയും യന്ത്രവത്ക്കൃതമായ വ്യാവസായികവ്യവസ്ഥിതിയും; എല്ലാവർക്കും സമമായും ഏറെക്കുറെ സൗജന്യമായും ലഭിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യസേവനം, വാർത്താവിതരണം, ഗതാഗതസൗകര്യം മുതലായ സാമൂഹ്യസേവന വ്യവസ്ഥിതികൾ; തികച്ചും മത-ജാതി-വർഗ-നിരപേക്ഷവും കാര്യക്ഷമവും അഴിമതിമുക്തവുമായ ഭരണം — ഇതൊക്കെയാണ് ആധുനികീകരണമെന്നതുകൊണ്ട് അർത്ഥമാക്കപ്പെടുന്നത്.

കായികവും മാനസികവും ആദ്ധ്യാത്മികവുമായ വികാസത്തിന്റെ അങ്ങേയററത്തെ സാധ്യതകൾവരെ സാക്ഷാത്ക്കരിക്കുന്നതിനുള്ള അവസരവും ആഗ്രഹവും വിവേകവും ഓരോ വ്യക്തിക്കും കൈവരുത്തുകയാണ് ആധുനികീകൃത സമൂഹത്തിന്റെ പാര്യന്തികലക്ഷ്യം.

വ്യക്തികളെ സംബന്ധിച്ചിടത്തോളം, 'അരോഗശരീരത്തിൽ അരോഗമനസ്സ്' എന്ന പ്രാചീന യവനാദർശംതന്നെയാണ് ആധുനിക സമൂഹത്തിന്റേതും. ശരീരത്തിന്റെ ആരോഗ്യം മിതവും സ്ഥിരവുമായ കായികാധ്വാനത്തെ ആശ്രയിച്ചിരിക്കുന്നു. അധ്വാനം ആഹ്ലാദപ്രദംകൂടിയാവുന്നത് കളികളിലും കായികവിനോദങ്ങളിലുമാകയാൽ, കളികളും കായികവിനോദങ്ങളും ആധുനിക സമൂഹത്തിൽ എല്ലാ വ്യക്തികൾക്കും സുലഭങ്ങളാവണം. ആധുനികീകരണം നേടിയ പാശ്ചാത്യരാജ്യങ്ങളിൽ മററന്തിനെയുംകാളേറെ മതിക്കപ്പെടുന്നത് കളികളും കായികവിനോദങ്ങളുമാകുന്നു. ഇക്കാര്യത്തിൽ മുതലാളിത്ത വ്യവസ്ഥിതിയെന്നോ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയെന്നോ ഉള്ള വ്യത്യാസം പാശ്ചാത്യരാജ്യങ്ങളിൽ ഇല്ല. അമേരിക്കയെപ്പോലെയോ അതിലധികമോ സ്പോർട്സ്കമ്പം സോവിയററ് യൂണിയനിൽ കാണാം.

രാഷ്ട്രീയമായ അടിമത്തത്തിൽ മുഴുകിക്കിടക്കുന്ന കാലത്ത്, ജീവിതത്തിന്റെ മററു മേഖലകളിലെന്നപോലെ കായികമേഖലയിലും യൂറോപ്പിനേക്കാൾ എത്രയോ പിന്നിലായിരുന്നു ഏഷ്യ. മഹാന്മാരായ കായികാഭ്യാസികളും കളിക്കാരും അക്കാലത്തും ഏഷ്യയിൽ ഉണ്ടായിട്ടില്ലെന്നല്ല. പക്ഷേ, ബഹുജനങ്ങൾക്ക് അന്നു കളികളിൽ അഗാധമായ താല്പര്യമുണ്ടായിരുന്നില്ല; കളിക്കാനുള്ള അവസരങ്ങളും സൗകര്യങ്ങളും അവർക്കു കൈവന്നിരുന്നുമില്ല. ഏഷ്യയിൽ ജനങ്ങൾക്ക് രാഷ്ട്രീയ സ്വാതന്ത്ര്യത്തോടൊപ്പം ഒരേസമയത്തുതന്നെ, സാമ്പത്തികസ്വാതന്ത്ര്യവും സാമൂഹ്യസ്വാതന്ത്ര്യവും

'കളിസ്വാതന്ത്ര്യവും' എല്ലാം കൈവരേണ്ടിയിരുന്നു. ഇവയിൽ ഒന്നു കഴിഞ്ഞ് മറ്റൊന്ന് കൈവരുത്തുക എന്നതിന് അർത്ഥമില്ല. എല്ലാംകൂടി ഒരേ സമയം കൈവരണം; കാരണം, ഒരേ ആധുനികീകരണത്തിന്റെ വ്യത്യസ്ത മുഖങ്ങൾ മാത്രമാണ് ഇവയെല്ലാം. ഏഷ്യയിൽ ആധുനികീകൃത വ്യക്തിത്വത്തിന്റെ സന്തുലിതമായ വികാസത്തിന് ഈ എല്ലാ മണ്ഡലങ്ങളിലും ഒരേ സമയത്തു മുന്നേറ്റം ആവശ്യമാകുന്നു. വസന്തം വരുമ്പോൾ ഒരു പൂ മാത്രമല്ല വിരിയുന്നത്; ഒരു പക്ഷി മാത്രമല്ല പാടുന്നത്. സാർവത്രികമായ വികാസമാണ്, ആവണം, ആധുനികീകരണത്തിന്റെ ഫലം.

ഇതുകൊണ്ടാണ് ഏഷ്യൻ സ്വാതന്ത്ര്യത്തിന്റെ നേതാക്കൾ, 1947-ൽ ദില്ലിയിൽ നടന്ന ഏഷ്യൻ റിലേഷൻസ് കോൺഫറൻസിൽവെച്ച്, രാഷ്ട്രീയ പ്രശ്നങ്ങൾക്ക നല്കിയ അതേ പ്രാധാന്യത്തോടെ എല്ലാ ഏഷ്യൻ രാഷ്ട്രങ്ങൾക്കും പങ്കെടുക്കാവുന്ന 'ഏഷ്യൻ ഗെയിംസ്' സംഘടിപ്പിക്കുന്നതിനുള്ള പരിപാടി ചർച്ച ചെയ്തത്. ഏഷ്യൻ രാഷ്ട്രങ്ങളിലെ സ്വാതന്ത്ര്യസമരങ്ങളുടെ മുന്നിൽ നിന്ന ഇന്ത്യതന്നെ, ഇന്ത്യയുടെ നേതാവായ ജവാഹർലാൽതന്നെ, ഈ പരിശ്രമത്തിനും നേതൃത്വം നല്കി. പല വർഷങ്ങളിലെ ആസൂത്രണത്തിനു ശേഷം, പതിനൊന്ന് ഏഷ്യൻ രാഷ്ട്രങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് നാനൂറ്റിഎണ്പതിലേറെ കായികതാരങ്ങൾ പങ്കെടുത്ത ആദ്യത്തെ ഏഷ്യാഡ് 1951-ൽ ദില്ലിയിൽ വിജയകരമായി നടന്നപ്പോൾ, ഏഷ്യയുടെ ചിരകാല സ്വപ്നങ്ങളുടെ ഒരു പൂവണിയലായിരുന്നു അത്—ഒരു നിർവഹണമെന്നതിലേറെ ഒരു വാഗ്ദാനം.

മുപ്പത്തൊന്നു വർഷങ്ങൾക്കു ശേഷം, ഒമ്പതാം ഏഷ്യാഡ് ഇന്ന് ദില്ലിയിൽ ആരംഭിക്കുകയാണ്. ഇത്തവണ മുപ്പത്തിമൂന്നു രാഷ്ട്രങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് അയ്യായിരത്തോളം കായികതാരങ്ങൾ ഈ കായികോത്സവത്തിൽ പങ്കെടുക്കുമെന്നാണു പ്രതീക്ഷിക്കുന്നത്. ഒന്നാം ഏഷ്യാഡിൽ ആറ് ഇനങ്ങളിലായി മത്സരങ്ങൾ ഏഴു ദിവസം നടന്നു. ഒമ്പതാം ഏഷ്യാഡിലാകട്ടെ, ഇരുപത്തൊന്ന് ഇനങ്ങളിലായി പതിനാറു ദിവസം മത്സരങ്ങൾ നടക്കും. ഒന്നാം ഏഷ്യാഡിന്റെ വിവരങ്ങൾ, അതാതു സ്ഥലത്തു സന്നിഹിതരാകാൻ കഴിയാത്ത സ്പോർട്സ് പ്രേമികൾക്ക് എത്തിച്ചിരുന്നത് റേഡിയോയും പത്രങ്ങളുമാണ്. ഒമ്പതാം ഏഷ്യാഡിലെ അനർഘനിമിഷങ്ങൾ ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും ഇരുന്ന് ടെലിവിഷനിൽ കാണുക സാധ്യമായിരിക്കുന്നു.

ഇന്ത്യയുടെ ദേശീയജീവിതത്തിൽ നിർണായക പ്രാധാന്യമുള്ള ഒരു മഹാസംഭവമാണ് ഒമ്പതാം ഏഷ്യാഡ് എന്നതിനു യാതൊരു സംശയവുമില്ല. ലോക കായികാഭ്യാസമത്സരരംഗത്തിലേക്ക് ധൈര്യപൂർവം കടന്നുചെല്ലാനും, തങ്ങൾക്ക് ന്യായമായി അവകാശപ്പെട്ട സ്ഥാനം അവിടെ പിടിച്ചുപറ്റാനും, അതുവഴി ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ പ്രശസ്തി വർദ്ധിപ്പിക്കാനും, ഈ ഏഷ്യാഡ് ഭാരതീയയുവാക്കളെ ആവേശഭരിതരാക്കാതിരിക്കുകയില്ല. ഒളിമ്പ്യാഡിലേക്കുള്ള ദീർഘയാത്രയിൽ ഒരു ഇടത്താവളമാണ് ഏഷ്യാഡ്. ആ നിലയിൽ നാം അതിനെ കാണേണ്ടിയിരിക്കുന്നു. ഒളിമ്പ്യാഡിലേക്കുള്ള ഏതാനും വ്യക്തികളുടെ പ്രയാണമാകട്ടെ, രാജ്യത്ത് ആകെ സ്പോർട്സിന്റേതായ, ആരോഗ്യകരമായ, ഒരന്തരീക്ഷം ഉളവാക്കാതെയുമിരിക്കുകയില്ല. ശബരിമലയ്ക്കു പോകുന്നത് ഏതാനും അയ്യപ്പന്മാർ മാത്രമാണെങ്കിലും, കേരളത്തിലെ ഗ്രാമങ്ങളിൽ മകരമാസത്തിൽ പൊതുവെ ഒരു 'അയ്യപ്പാന്തരീക്ഷം' ഉളവാകാറുണ്ടല്ലോ. ഒരു സ്റ്റേറ്റിൽ ഒരു ഒളിമ്പ്യൻ ചാമ്പ്യൻ ഉണ്ടാവുന്നപക്ഷം, ആ സ്റ്റേറ്റിലാകെ സ്പോർട്സിന് അനുകൂലമായ ഒരു പരിവർത്തനം ജനങ്ങളിൽ ഉണ്ടാകുമെ

ന്ന പ്രതീക്ഷിക്കാം. 'സ്പോർട്സ്'സിലുള്ള ഈ ആഭിമുഖ്യം രാജ്യത്തിന്റെ പൊതു വേയും, യുവജനങ്ങരംക്കു പ്രത്യേകിച്ചും ഗുണകരമാകാതിരിക്കുകയില്ല.

എന്നിട്ടും, രാഷ്ട്രീയങ്ങളായ കാരണങ്ങളാൽ, ഇന്ത്യയിലെ പൊതുജനാഭിപ്രായത്തെ ഏഷ്യാഡിനെതിരായി തിരിച്ചുവിടുന്നതിനുള്ള ശ്രമങ്ങരം ഇവിടെ നടക്കാതിരുന്നില്ല. സ്പോർട്സ്സിന്റെ പ്രാധാന്യം അറിഞ്ഞിരിക്കേണ്ടവരും, അതിനെപ്പററി മററുള്ളവർക്ക് പറഞ്ഞുകൊടുക്കാൻ ബാദ്ധ്യതപ്പെട്ടവരുമായ അദ്ധ്യാപകർപോലും ഏഷ്യാഡിനെതിരായ പ്രക്ഷോഭണത്തിന്ന നേതൃത്വം നല്കിവന്നിരുന്നു. കേരളത്തിലെ പ്രൈമറി അദ്ധ്യാപക സംഘടനകളിൽ ഒന്നിന്റെ മുഖപത്രമായ 'കെ. പി. ററി. യു. സന്ദേശം' അതിന്റെ നവംബർ ലക്കത്തിൽ, 'റോമാ നഗരം വെന്തെരിയുന്നു; നീറോ ചക്രവർത്തി വീണ വായിക്കുന്നു' എന്ന തലക്കെട്ടിന്റെ കീഴിൽ ഇങ്ങനെ എഴുതി:

'പുരാതനകാലത്തു് രാജാക്കന്മാരും ചക്രവർത്തിമാരുമൊക്കെ തങ്ങളുടെ പ്രതാപവും പ്രമാണിത്തവും പ്രദർശിപ്പിക്കുന്നതിന് ഗംഭീര കൊട്ടാരങ്ങളും മണിമേടകളും മററും പണിയുക പതിവായിരുന്നു. അടിമകളെക്കൊണ്ടു് അഹോരാത്രം പണിയെടുപ്പിച്ചാണു് അവ നിർമിച്ചിരുന്നതു്. ആ അർത്ഥത്തിൽ തൊഴിലാളികളുടെ അസ്ഥിയും മാംസവുംകൊണ്ടു കെട്ടിപ്പടുത്തതാണവ. ഏഷ്യാഡ് അതിനെ (അവയെ) അനുസ്മരിപ്പിക്കുന്നു. ഒരു വശത്തു ധൂർത്തും മറുവശത്തു ചൂഷണവും പ്രതാപത്തിന്റെ ലഹരിയും. രാഷ്ട്രത്തിന്റെ നട്ടെല്ലായ ഗ്രാമങ്ങളും ഗ്രാമീണരും ഒരു നേരത്തെ ഭക്ഷണത്തിന്ന വകയില്ലാതെ പിടഞ്ഞു മരിക്കുന്നു. വരംച്ചയുടെ കെടുതിയിൽ തകർന്നടിയുന്നു. ഡൽഹി പട്ടണത്തിൽ പറുദീസകരം സൃഷ്ടിച്ച് പാദുഷാമാർ പ്രതാപം പ്രകടിപ്പിക്കുന്നു.'

ഈ ആവേശവാചാലതയിൽ, ദരിദ്രരോടുള്ള അനുതാപത്തേക്കാരം കൂടുതൽ രാഷ്ട്രീയതിമിരമാണു് തിങ്ങിവിങ്ങിപ്പൊങ്ങുന്നതു് എന്നു കാണാൻ പ്രയാസമില്ല.

ഏഷ്യാഡിനെപ്പററി ഈ പംക്തികളിലെഴുതുന്നതിനുള്ള രണ്ടാമത്തെ പ്രചോദനം അതിനെ രാഷ്ട്രീയതിമിരംമൂലം ചിലർ എതിർക്കുന്നുവെന്നതാണു്.

ഏഷ്യാഡിനു് 470 മുതൽ 1500 കോടി രൂപവരെ ചെലവാക്കിയിട്ടുള്ളതായി പറയപ്പെടുന്നുണ്ടു്. ഇതിൽ വളരെ വലിയ ഒരു പങ്കു് ചെലവഴിച്ചിട്ടുള്ളതു് ഗതാഗതസൗകര്യം മെച്ചപ്പെടുത്താനും, സ്റ്റേഡിയങ്ങരം, നീന്തൽക്കുളങ്ങരം, ഹോട്ടലുകരം മുതലായവ നിർമിക്കാനുമാണു്. ഏഷ്യാഡിന്റെ പതിനഞ്ചു ദിവസങ്ങരംക്കപ്പുറവും ഇവ അതാതിടത്തു സ്ഥിതിചെയ്യുകയും, വരുന്ന എത്രയോ ആണ്ടുകളിൽ പൊതുജനങ്ങരംക്കു് നിരന്തര സേവനം നല്കുകയും ചെയ്യും. ഏഷ്യാഡ് നിർമാണങ്ങരം ദില്ലിയുടെ മുഖച്ഛായതന്നെ മാററിയിട്ടുള്ളതായി പറയപ്പെടുന്നുണ്ടു്. തീർച്ചയായും ഇതു് രാജ്യത്തിനു് ഒരു മുതൽക്കൂട്ടാണു്.

പാഴ്ച്ചെലവുകരം വന്നിട്ടില്ലെന്നു് ഇവിടെ പറയുന്നില്ല. സർക്കാരിന്റെ ഏതു വകുപ്പിലാണു് പാഴ്ച്ചെലവുകരം വരാത്തതു്? മൊത്തത്തിൽ നോക്കുമ്പോരം, ഏഷ്യാഡിനു വേണ്ടി ചെലവായ പണവും പ്രയത്നവും ഈ രാജ്യത്തിലെ ബഹുജനങ്ങരംക്കു് ദീർഘകാലം ഉപകരിക്കും എന്നേ ഇവിടെ അർത്ഥമാക്കുന്നുള്ളു. ആ അർത്ഥത്തിൽ ഈ പണം രാഷ്ട്രനിർമാണത്തിനുള്ള ഒരു നിക്ഷേപമാണു്.

ലോകത്തിന്റെ മുമ്പിൽ രാഷ്ട്രം അതിന്റെ 'പുഞ്ചിരിക്കുന്ന മുഖം' പ്രദർശിപ്പിക്കുന്ന അവസരമാണല്ലോ ഏഷ്യാഡ്. ഈ ഘട്ടത്തിൽ തകരാറുകളുണ്ടാക്കി തൻകാര്യം നേടാൻ നമ്മുടെ നാട്ടുകാരിൽ അഗണ്യമല്ലാത്ത ഒരു വിഭാഗം തയ്യാറായതു് തീർച്ചയായും ഖേദകരമാണു്. മർമപ്രാധാന്യ

മുള്ള റേഡിയോ, ടെലിവിഷൻ എന്നിവയിലെ ഒരു വിഭാഗം ജീവനക്കാർ ഏഷ്യാഡ് ആരംഭിക്കുന്നതിന്റെ തൊട്ടു മുമ്പുള്ള മൂന്നു ദിവസങ്ങളിൽ ബോണസ് ആവശ്യപ്പെട്ട് പണിമുടക്കുകയുണ്ടായി. 'ലജ്ജാവഹം' എന്നു മാത്രമേ ഈ 'ഉദ്ബുദ്ധ' വിഭാഗത്തിന്റെ തൻകാര്യവ്യഗ്രതയെപ്പററി പറയാനുള്ളൂ.

രാഷ്ട്രീയവും മതപരവുമായ പല ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ട്, സിഖുകാരിൽ ഒരു വിഭാഗമായ അകാലികൾ നടത്തിവരുന്ന ഉഗ്രസമരം ഇതെഴുതുമ്പോഴും, അവസാനിച്ചിട്ടില്ല. ഏഷ്യാഡിൽ പ്രകടനങ്ങൾ നടത്തുവാൻ അകാലികൾ എടുത്ത തീരുമാനം പിൻവലിച്ചതായി ഇനിയും പ്രഖ്യാപിച്ചിട്ടുമില്ല. ആയുധധാരികളായ ജനങ്ങളുടെ വലിയ ഒരു സംഘം വിചാരിച്ചാൽ ഏഷ്യാഡിലെ പല ഇനങ്ങളും അലങ്കോലപ്പെടുത്താൻ കഴിഞ്ഞേക്കും. സമരോത്സുകരായ അകാലികൾ ഏഷ്യാഡിന്റെ അടുത്തെങ്ങും എത്തിച്ചേരാതെ നോക്കുന്നതിന് പഞ്ചാബ്–ഹരിയാണാ സംസ്ഥാനങ്ങളിലെയും ദില്ലിയിലെയും ഗവണ്മെൻറുകൾ ഊർജിതനടപടികൾ കൈക്കൊണ്ടിട്ടുള്ളതായി പറയുന്നുണ്ട്. ഏഷ്യാഡിലെ കാഴ്ചക്കാരെ തെർമോഫ്ളാസ്കുകളോ ലഞ്ച് പാക്കററുകളോപോലും കൈയിൽ വെക്കാൻ അനുവദിക്കുന്നില്ല. തെർമോഫ്ളാസ്ക് ഗ്രനേഡോ, ലഞ്ച് പാക്കററ് ബോംബോ ആയിക്കൂടെന്നില്ലല്ലോ. ഇന്ത്യയിൽ സ്പോർട്സിന് ഏററവും വലിയ സംഭാവന നല്കിയിട്ടുള്ളതും, ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്നതും, സിഖുകാരാണ്. അവരിൽ ഒരു വിഭാഗം, തങ്ങളുടെ രാഷ്ട്രീയ അസംതൃപ്തി ലോകസമക്ഷം പ്രകടിപ്പിക്കാൻ ഏഷ്യാഡിന്റെ അവസരം ഉപയോഗപ്പെടുത്താമെന്നു തീരുമാനിച്ചതു് തികച്ചും നിർഭാഗ്യകരമായിപ്പോയി. അവർക്ക് വിവേകമുദിച്ചിട്ടായാലും, സർക്കാരുകൾ കൈക്കൊണ്ട പ്രതിരോധ നടപടികളുടെ കാര്യക്ഷമതകൊണ്ടായാലും, അനാശാസ്യ സംഭവങ്ങളോ ദുരന്തങ്ങൾതന്നെയോ ഉണ്ടാകാതെ, ഏഷ്യാഡ് മംഗളകരമായും വിജയപ്രദമായും നടക്കട്ടെ എന്ന് ആശംസിക്കുകയേ ഈ സന്ദർഭത്തിൽ ചെയ്യേണ്ടതായുള്ളു. ഗാന്ധിജി പ്രാർത്ഥിക്കാറുള്ളതുപോലെ, 'സബ്കോ സൻമതി ദേ ഭഗവൻ!' എന്ന് നമുക്കും പ്രാർത്ഥിക്കുക.

19 നവംബർ, 1982

# 29. ഇന്ത്യയിലെ വിദേശക്കമ്പനികൾ

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം വ്യവസായങ്ങളുടെ കാര്യത്തിൽ ഇന്ത്യ വളരെയധികം പുരോഗമിച്ചിട്ടുണ്ടെന്ന ധാരണ നമുക്കെല്ലാം ഉണ്ട്. വ്യാവസായികപുരോഗതിക്ക് വിദേശീയ വ്യവസായസ്ഥാപനങ്ങളോട് ഇന്ത്യ എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നതു സംബന്ധിച്ച വിശദമായ ബോധം മിക്കവർക്കുമില്ല. ഈ വിഷയത്തിൽ ശരിയായ പഠനങ്ങളും ഏറെയൊന്നും ഉണ്ടായിട്ടില്ല.

ഇന്ത്യൻ വ്യവസായം, പ്രത്യേകിച്ചും ഉപഭോഗവസ്തുക്കളുടെ നിർമാണം, ഒട്ടു പൂർണമായിത്തന്നെ വിദേശീയ കമ്പനികളുടെ നിയന്ത്രണത്തിലാണെന്നതാണു വാസ്തവം.

ഇന്ത്യൻ ഉപഭോഗവസ്തുവ്യവസായത്തെ നിയന്ത്രിക്കുന്ന ഈ വിദേശീയ കമ്പനികൾ രണ്ടു തരത്തിൽപ്പെടുന്നു. ഇവയിൽ ചിലതിന്റെ ഇക്വിററി ഷെയറുകളിൽ ഭൂരിഭാഗവും കൈയിൽ വെക്കുന്നതു് ഏതെങ്കിലും വിദേശരാജ്യത്തുള്ള ഒരൊററ സ്ഥാപനമാണ്. ഇത്തരം കമ്പനികളെ 'സബ്